സർവ്വകലാശാലകളിലെ ഭരണസ്തംഭനം

15 (1068) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഭരണസ്തംഭനവും പ്രവർത്തനങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വൈസ് ചാൻസലർ സ്വന്തം നിലയിൽ തീരുമാനങ്ങളെടുത്തു നടപ്പാക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; പരാതി പരിശോധിക്കുകയുണ്ടായോ ;

(സി) പ്രസ്തുത നടപടികൾക്ക് സർക്കാർ കൂട്ടുനിൽക്കുന്നതുമാണ് സർവ്വകലാശാലകളിലെ ദുഃസ്ഥിതിക്ക് പ്രധാനകാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉന്നതവിദ്യാഭ്യാസമേഖലയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്നതിനുമിടയാക്കുന്ന തെറ്റായ നയവും നടപടികളും തിരുത്തുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഭരണ സ്തംഭനം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

അദ്ധ്യാപക പാക്കേജ്

16 (1070) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ധ്യാപക പാക്കേജ് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പാക്കേജിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ച്കൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്.

(സി) പാക്കേജിന് രൂപം നല്കി പുറപ്പെടുവിച്ച 1-10-2011-ലെ ജി.ഒ. (പി) 199/11/പൊവിവ നമ്പർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നല്കി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്ടെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്.

കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

17 (1071) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി, ഹയർ സെക്കന്ററി എന്നീ വകുപ്പുകളിൽ കൊമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ-സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര ഒഴിവുകൾ P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly